# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

## ശബരിമലയിൽ സുസജ്ജമായി ഫയർഫോഴ്സ്

മണ്ഡല മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ചുള്ള സുരക്ഷാ പ്രവർത്തനങ്ങളിൽ സുസജ്ജമായി കേരളാ ഫയർഫോഴ്സ്. പമ്പയും, സന്നിധാനവും കേന്ദ്രീകരിച്ചാണ് ഇത്തവണ ഒരുക്കങ്ങൾ നടത്തിയിരിക്കുന്നത്. അടിയന്തര രക്ഷാപ്രവർത്തനം, അഗ്നിശമനത്തിനുള്ള ഉപകരണങ്ങൾ എന്നിവയെല്ലാം സജ്ജമാക്കിയിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ എസ്.സൂരജ്, സ്റ്റേഷൻ ഓഫീസർ എസ്.ഗോപകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള 39 പേരാണ് ഇത്തവണ സുരക്ഷാ ദൗത്യത്തിനെത്തിയിട്ടുള്ളത്.

മരക്കൂട്ടം, ശരംകുത്തി, കെ.എസ്.ഇ.ബി, മാളികപ്പുറം, അരവണ കൗണ്ടറോട് ചേർന്ന മെയിൻ കൺട്രോൾ റൂം എന്നിങ്ങനെ അഞ്ചിടത്തായാണ് ഫയർഫോഴ്സ് സുരക്ഷയൊരുക്കുന്നത്. നാലു പോയിന്റുകളിൽ ആറു പേർ വീതവും, മെയിൻ കൺട്രോൾ റൂമിൽ ബാക്കിയുള്ളവരും ജോലി ചെയ്യുന്നു. തിരുമുറ്റത്ത് അടിയന്തര സാഹചര്യത്തിൽ ഉപയോഗിക്കുന്നതിന് സ്ട്രക്ച്ചറും, ഫയർ എക്സ്റ്റിംഗുഷറും സ്ഥാപിക്കുകയും രണ്ട് പേരെ നട തുറക്കുന്നതു മുതൽ നട അടക്കുന്നതു വരെ ജോലിക്കായി നിയോഗിച്ചിട്ടുമുണ്ട്. ഇതിനു പുറമേയാണ് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് അണുനശീകരണം നടത്തുന്നത്. തിരുമുറ്റം, പതിനെട്ടാം പടി നട, അപ്പം– അരവണ കൗണ്ടർ, നടപ്പന്തൽ, കെഎസ്ഇബി എന്നിവിടങ്ങൾ രണ്ടു ദിവസത്തിലൊരിക്കൽ അണുവിമുക്തമാക്കുന്നുണ്ട്. മാളികപ്പുറം ദിവസവും അണുവിമുക്തമാക്കുന്നുണ്ട്.

നിലയ്ക്കലിൽ 30 പേരടങ്ങുന്ന ഫയർഫോഴ്സ് സംഘമാണ് പ്രവർത്തിക്കുന്നത്. ഫയർ എൻജിൻ ഉൾപ്പടെയുള്ള അടിയന്തര സഹായ ഉപകരണങ്ങളും നിലയ്ക്കലിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് ടെസ്റ്റിൽ പോസിറ്റീവ് ആയവരുടെ വാഹനങ്ങൾ അണുവിമുക്തമാക്കാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പമ്പയിൽ 38 പേരടങ്ങുന്ന ഫയർഫോഴ്സ് സംഘത്തെയാണ് നിയോഗിച്ചിട്ടുള്ളത്.

ഫോട്ടോ അടിക്കുറിപ്പ്– ഫയർഫോഴ്സ് സാനിറ്റേഷൻ നടപന്തൽ–
ശബരിമല സന്നിധാനത്തെ നടപ്പന്തൽ ഫയർഫോഴ്സ് അണുവിമുക്തമാക്കി ശുചീകരിക്കുന്നു.

ഫോട്ടോ അടിക്കുറിപ്പ്– ഫയർഫോഴ്സ് –
ശബരിമല സന്നിധാനത്തെ പതിനെട്ടാംപടിക്കു താഴെ ഫയർഫോഴ്സ് അണുവിമുക്തമാക്കി ശുചീകരിക്കുന്നു.

*(പി.ആർ. ശബരി–12)*

## ശബരിമലയുടെ പുണ്യമായി പടിപൂജയും ഉദയാസ്തമന പൂജയും

സാധാരണ മലയാള മാസപൂജകൾക്കായി നട തുറക്കുന്ന അഞ്ച് ദിവസങ്ങളിൽ മാത്രം നടത്തിയിരുന്ന ശബരിമല ക്ഷേത്രത്തിലെ പ്രശസ്തമായ പടിപൂജയും ഉദയാസ്തമന പൂജയും കോവിഡ് പശ്ചാത്തലത്തിൽ തീർഥാടകർക്ക് നിയന്ത്രണം ഉള്ളതിനാൽ ഈ മണ്ഡലകാലത്ത് ഡിസംബർ 15 വരെ ദിവസവും നടക്കും. മകരവിളക്ക് തീർഥാടന കാലത്ത് ഡിസംബർ 31 മുതൽ ജനുവരി 10 വരെയും ശേഷം ജനുവരി 15 മുതൽ 19 വരെയും പടി പൂജയും ഉദയാസ്തമന പൂജയും നടക്കും.
കോവിഡ് പശ്ചാത്തലത്തിൽ തീർഥാടകരെ പ്രവേശിപ്പിക്കാതിരുന്ന മീനമാസ ( മാർച്ച്) പൂജകൾ മുതൽ മുടങ്ങിയ മലയാളമാസത്തിലെ പടി പൂജയും ഉദയാസ്തമന പൂജയുമാണ് നടന്നുവരുന്നത്. പടി പൂജയും ഉദയാസ്തമന പൂജയും മുടങ്ങിപോയവരെ അറിയിക്കുകയും എത്താൻ കഴിയാത്തവർക്ക് പകരമായി ലിസ്റ്റിൽ നിന്ന് ശേഷം ഉള്ളവരെ പരിഗണിക്കുകയും അവർക്കും എത്താൻ കഴിയാത്ത പക്ഷം പുതിയതായി ബുക്ക് ചെയ്യുന്നവരെ പരിഗണിക്കുകയും ചെയ്യും.
പടിപൂജ ദീപാരാധനയ്ക്ക് ശേഷമാണ് തന്ത്രിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്നത്. പതിനെട്ട് പടികളെയും 18 മലകളായി സങ്കൽപ്പിച്ച് അഭിഷേകവും നേദ്യവും പൂജകളും നടത്തുന്നു. ഉദയാസ്തമന പൂജ രാവിലെ എട്ട് മുതൽ അത്താഴപൂജ വരെ 18 പൂജകളായി നടക്കുന്നു. പടിപൂജയ്ക്ക് 75,000 രൂപയാണ് നിരക്ക്. നിലവിൽ 2036 വരെയുള്ള വർഷങ്ങളിലെ ബുക്കിംഗ് കഴിഞ്ഞു. ഉദയാസ്തമന പൂജയുടെ നിരക്ക് 40,000 രൂപ. നിലവിൽ 2027 വരെയുള്ള ബുക്കിംഗ് പൂർത്തിയായി.

*(പി.ആർ. ശബരി–13)*

# ശബരിമലയുടെ സുരക്ഷ ഉറപ്പാക്കി ജാഗ്രതയോടെ പോലീസ്

കോവിഡ് പശ്ചാത്തലത്തിൽ ദർശനത്തിനെത്തുന്ന തീർഥാടകരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്ഷേത്രത്തിന്റെയും ഭക്തരുടെയും സുരക്ഷ ഉറപ്പാക്കി ജാഗ്രതയോടെ പോലീസ് നിലയുറപ്പിച്ചിരിക്കുന്നു. സ്പെഷ്യൽ ഓഫീസർ സൗത്ത് സോൺ ട്രാഫിക്ക് എസ്പി ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലാണ് സന്നിധാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്.

രണ്ട് ഡിവൈഎസ്പി, ആറ് സിഐ,എസ്ഐമാരും എഎസ്ഐമാരുമായി 45 പേരും, ഹെഡ് കോൺസ്റ്റബിളും പോലീസ് കോൺസ്റ്റബിളുമായി 295 പേരുമാണ് സന്നിധാനത്ത് സേവനത്തിനുള്ളത്. ഒരു വിംഗ് സ്റ്റേറ്റ് കമാൻഡോ, ഇൻഡ്യ റിസർവ് ബറ്റാലിയൻ ഒരു പ്ലാറ്റൂൺ, ബോംബ് സ്ക്വാഡ്, തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന ഷാഡോ പോലീസ്, തുടങ്ങിയവർ ഇതിൽ ഉൾപ്പെടും. കൂടാതെ ഒരു ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള 11 അംഗ ആന്ധ്ര പോലീസും സന്നിധാനത്ത് സേവനത്തിലുണ്ട്.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചാണ് പോലീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് സ്പെഷ്യൽ ഓഫീസർ സൗത്ത് സോൺ ട്രാഫിക്ക് എസ്പി ബി. കൃഷ്ണകുമാർ പറഞ്ഞു. പോലീസ് താമസിക്കുന്ന ബാരക്കിലും ഭക്ഷണം കഴിക്കുന്ന മെസിലും ഉൾപ്പെടെ കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. പോലീസ് ബാരക്കും മെസും ഉൾപ്പെടെ സന്ദർശിച്ച് സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാർ ക്രമീകരണങ്ങൾ വിലയിരുത്തി.

പമ്പയിലും നിലയ്ക്കലും സ്പെഷ്യൽ ഓഫീസർ എസ്പി കെ.എം. സാബു മാത്യുവിന്റെ നേതൃത്വത്തിലാണ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. പമ്പയിൽ 157 ഉം നിലയ്ക്കൽ 164 ഉം പോലീസ് ഉദ്യോഗസ്ഥരാണ് സേവനത്തിലുള്ളത്.

*(പി.ആർ. ശബരി-14)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


## ശബരിമല തീർഥാടനം; സേഫ് സോൺ പദ്ധതിക്ക് തുടക്കമായി

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനത്തിനോടനുബന്ധിച്ച് കേരള മോട്ടോർ വാഹന വകുപ്പ്, കേരള റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിവരാറുള്ള റോഡ് സുരക്ഷാ പദ്ധതിയായ സേഫ് സോണിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ വി.സി വിനീഷ് സേഫ് സോണിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇലവുങ്കൽ കേന്ദ്രീകരിച്ച് പ്രധാന കൺട്രോളിംഗ് ഓഫീസും കോട്ടയം ജില്ലയിൽ എരുമേലി, ഇടുക്കി ജില്ലയിൽ കുട്ടിക്കാനം എന്നീ രണ്ട് സബ്കൺട്രോളിംഗ് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചു. പെട്രോളിംഗ് വാഹനങ്ങളിലും കൺട്രോളിംഗ് ഓഫീസുകളിലും വയർലെസ്, ജി.പി.എസ് ,മൊബൈൽ ഫോൺ തുടങ്ങി വാർത്താവിനിമയ സംവിധാനങ്ങളും ആരോഗ്യവകുപ്പിന്റെ ആംബുലൻസും വിദഗ്ദധരും മോട്ടോർ വാഹന വകുപ്പിന്റെ 24 മണിക്കൂറും സുസജ്ജമായ ക്യൂ.ആർ.ടി സംവിധാനവും തയാറാക്കിയിട്ടുണ്ടെന്ന് സേഫ് സോൺ സ്പെഷ്യൽ ഓഫീസർ പി.ഡി സുനിൽ ബാബു പറഞ്ഞു.

ഇടുക്കി ജില്ലയിൽ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ഹരികൃഷ്ണൻ, കോട്ടയത്ത് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ടോജോ എം. തോമസ് എന്നിവരാണ് പദ്ധതിയുടെ ചുമതല വഹിക്കുക. മോട്ടോർ വാഹന വകുപ്പിന്റെ രണ്ട് ക്രെയിനുകളും വിവിധ വാഹന നിർമാതാക്കളുടെ മെക്കാനിക്കുകളും, സ്പെയർപാർട്സുകൾ അടങ്ങുന്ന ബ്രേക്ക് ഡൗൺ വാഹനങ്ങളും ഇതിന്റെ

ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്. പോലീസ്, ദേവസ്വംബോർഡ്, പൊതുമരാമത്ത് വകുപ്പ്, ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യം, ജല അതോറിറ്റി, ബി.എസ്.എൻ.എൽ, കെ.എസ്.ആർ.ടി.സി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.
ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവരുടെ നിർദ്ദേശ പ്രകാരം ഈ വർഷത്തെ നിയന്ത്രിത തീർഥാടനത്തിന് അനുസൃതമായി അവശ്യം വേണ്ട സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ബി. മുരളി കൃഷ്ണൻ, ഉത്തരമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ കെ.പദ്മകുമാർ, ആർ.ടി.ഒ മാരായ പി.ആർ സജീവ്, ജിജി ജോർജ്, ഡി.മഹേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടികുറിപ്പ് :*** സേഫ് സോൺ 1:-
റോഡ് സുരക്ഷാ പദ്ധതിയായ സേഫ് സോണിന്റെ ഉദ്ഘാടനം ഇലവുങ്കലിൽ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ വി.സി വിനീഷ് നിർവഹിക്കുന്നു.

***സേഫ് സോൺ 2, 5:-***
ശബരിമല തീർഥാടനത്തിനോടനുബന്ധിച്ച് റോഡ് സുരക്ഷാ പദ്ധതിയായ സേഫ് സോണ് പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ.

***(പി.ആർ. ശബരി-15)***

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 18 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്–3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ (19. 11.20) ചടങ്ങുകൾ...**

5 മണിക്ക്.... തിരുനട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി–16)*

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.